(ഡി) കുന്ദമംഗലം ട്രൈബൽ ഹോസ്റ്റലിന് പുതിയ കെട്ടിടം എന്നേക്ക് യാഥാർത്ഥ്യമാവുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആൻറ് സി) കോഴിക്കോട് ജില്ലയിൽ കുന്ദമംഗലം വില്ലേജിൽ പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസിനോട് ചേർന്ന് 390/5 എ2 സർവേ നമ്പറിൽ സ്ഥിതി ചെയ്യുന്ന പൊതുമരാമത്ത് വകുപ്പ് വക ഒരേക്കർ സ്ഥലം പ്രീ മെട്രിക് ഹോസ്റ്റൽ പണിയുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന് സൗജന്യമായി വിട്ടുതരുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പൊതുമരാമത്ത് വകുപ്പിൽനിന്നും മേൽപ്പറഞ്ഞ ഭൂമി വിട്ടു കിട്ടുന്ന മുറയ്ക്ക് കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി

102 [1447] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചു നൽകൽ നിയമം നിലവിൽ വന്നതിനുശേഷം ഇതുവരെ എത്ര ഭൂരഹിത ആദിവാസി കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) അതിനുശേഷം ഓരോ വർഷവും എത്ര വീതം ഭൂരഹിത ആദിവാസി കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇനി എത്ര ഭൂരഹിത ആദിവാസി കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്യേണ്ടതായിട്ടുണ്ടെന്നതു സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ഡി) ഇവർക്ക് ഭൂമി വിതരണം ചെയ്യുവാൻ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) 1982 ജനുവരി 1 മുതൽ.

(ബി ആൻറ് സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) വയനാട് ജില്ലയിൽ 700 ഏക്കർ ഭൂമിയും കേന്ദ്ര സർക്കാരിൽ നിന്നും ഏറ്റെടുത്തിട്ടുള്ള ആറളം ഫാമിന്റെ പകുതി ഭാഗവും (3,750 ഏക്കർ) ആലക്കോട് എസ്റ്റേറ്റിലെ 635 ഏക്കർ ഭൂമിയും ഭൂരഹിതരായ ആദിവാസി കൾക്ക് വിതരണം ചെയ്യുന്നതാണ്. 19,000 ഏക്കർ വനഭൂമി ആദിവാസി കൾക്ക് വിതരണം ചെയ്യുന്നതിനായി വിട്ടു തരുന്നതിന് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ചില വ്യവസ്ഥകൾ ഒഴിവാക്കി കിട്ടുന്നതിന് കേരള സർക്കാർ സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly